ഉത്തരം

(എ) ഉണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളായ സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ, സഞ്ചയ, സൂചിക, സങ്കേതം എന്നിവയിലൂടെയാണ് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത്.

(ബി) ജനന-മരണ, വിവാഹ രജിസ്ട്രേഷനുകളും അനുബന്ധ സർട്ടിഫിക്കറ്റുകളും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തു നികുതി ഇ-പേയ്മെന്റ്, ഫയൽ തൽസ്ഥിതി വിവരങ്ങൾ, ബിൽഡിംഗ് പെർമിറ്റ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ഈ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾവഴി ലഭ്യമാകുന്നത്.

(സി) Windows, Linux എന്നിവയിൽ അധിഷ്ഠിതമായ Web Based Application ആണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇവ Unicode -ൽ പ്രവർത്തിക്കുന്നവയാണ്. Digital Signature, e-payment സൗകര്യങ്ങൾ എന്നിവ ഇവയിൽ ലഭ്യമാണ്.

(ഡി) പഞ്ചായത്ത് ദിനാഘോഷങ്ങൾ, സർക്കാരിന്റെ വിവിധ എക്സിബിഷനുകൾ, സർക്കാരിന്റെ വിവിധ വെബ് സൈറ്റുകൾ എന്നിവയിലൂടെ ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച പ്രചരണം സംഘടിപ്പിച്ചു വരുന്നുണ്ട്.

ജനനരജിസ്റ്ററിലെ തിരുത്തൽ

201 (7500) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലവും മാതാപിതാക്കളുടെ പേരും രേഖപ്പെടുത്തി നല്കാത്തതുമൂലം വിദേശ ജോലിക്കായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ ;

(സി) വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ജനന സർട്ടിഫിക്കറ്റിന്റെ ജനന സ്ഥലവും മാതാപിതാക്കളുടെ പേരും രേഖപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്. രേഖപ്പെടുത്തലുകൾ വരുത്താത്തവർക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ഇതുമൂലം വിദേശ ജോലിക്കായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ വിട്ടുപോയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇതിലേക്കായി ഉൾപ്പെടുത്തേണ്ട വിവരങ്ങളുടെ രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ, 15, 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം വസ്തുതാപരമായ ഏതൊരു തെറ്റുകളും അവ തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർക്ക് തന്നെ തിരുത്താവുന്നതാണ്. ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിൽ ഖണ്ഡിക 7-11-ൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്.

ജനന രജിസ്ട്രേഷൻ

202 (7501) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ ജനിക്കുന്ന കുട്ടികളുടെ ജനനരേഖകളിൽ ആശുപത്രിയിൽവച്ചും രജിസ്ട്രേഷൻ ഓഫീസിൽവച്ചും ഉണ്ടാകുന്ന പിശകുകൾ തിരുത്തിക്കിട്ടാനുള്ള തടസ്സങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മലയാളത്തിൽനിന്ന് ഇംഗ്ലീഷിലാക്കുമ്പോഴുള്ള വ്യത്യാസം തിരുത്താൻപോലും നിരവധി രേഖകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ ഒപ്പമുള്ളയാൾ പറഞ്ഞുകൊടുക്കുന്ന വിവരങ്ങളിൽ ഉണ്ടാകുന്ന നിസ്സാരപിശകുകൾ പിൽക്കാലത്ത് തിരുത്തിക്കിട്ടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ ;

(സി) പേര്, സ്ഥലപ്പേര്, വീട്ടുപേര്, അച്ഛന്റെയോ, അമ്മയുടെയോ പേര് എന്നിവ അപൂർണ്ണമായോ തെറ്റായോ രേഖപ്പെടുത്തിയാൽ, അത് തിരുത്തിക്കിട്ടാനുള്ള നടപടിക്രമവും സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ഡി) ഔപചാരിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത പ്രായമായ അച്ഛന്റെയോ, അമ്മയുടെയോ സ്കൂൾ സർട്ടിഫിക്കറ്റിനുപകരം എന്തൊക്കെ രേഖകൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly